**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1915** **15-03-2022 - ൽ മറുപടിയ്ക്ക്**

**നിലവിലെ റെയിൽവേ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ എം വിൻസെന്റ് ,<br>ശ്രീ. സജീവ് ജോസഫ് | | null<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിലവിൽ റെയിൽവേയുടെ ഏതെല്ലാം പദ്ധതികളുടെ പ്രവൃത്തികളാണ് നടന്നുകൊണ്ടിരിക്കുന്നത് എന്നും എന്തെല്ലാം പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചിരിക്കുന്നത് എന്നും വ്യക്തമാക്കാമോ; | (എ) | സുസ്ഥിര വികസനം എന്ന ആശയം ലക്ഷ്യമിട്ട് കേരളത്തിന് അനുയോജ്യമായ പദ്ധതികൾ കണ്ടെത്തുന്നതിലേക്കുള്ള നടപടികൾ കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് ആരംഭിക്കുകയും സംസ്ഥാനത്തെ റെയിൽ വികസനം ത്വരിതപ്പെടുത്തുന്നതിനുള്ള താഴെ പറയുന്ന പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുകയുമാണ്: 1. സിൽവർലൈൻ (സെമി ഹൈ സ്പീഡ് റെയിൽ) തിരുവനന്ത പുരം - കാസർകോട് 2. തലശ്ശേരി - മൈസൂർ റെയിൽ ലൈൻ 3. നിലമ്പൂർ- നൻജഗഡ് റെയിൽ ലൈൻ 4. അങ്കമാലി - ശബരി റെയിൽ പദ്ധതി 5. ആർ.ഒ.ബി/ആർ.യു.ബി കളുടെ നിർമ്മാണം ഇതു കൂടാതെ പാത ഇരട്ടിപ്പിക്കൽ പദ്ധതി നില വിലുള്ള പാതയുടെ നവീകരണം തുടങ്ങിയ പദ്ധതികൾ അതത് സോണൽ റെയിൽവേ നേരിട്ട് നടപ്പിലാക്കി വരുകയും ചെയ്യുന്നു. |
| (ബി) | സംസ്ഥാനത്ത് നിലവിൽ നടന്നുകൊണ്ടിരിക്കുന്നതോ നടത്താൻ ഉദ്ദേശിക്കുന്നതോ ആയ നാല്പത്തിമൂവായിരത്തോളം കോടി രൂപയുടെ 20 റെയിൽവേ പദ്ധതികൾ നിർത്തിവച്ച് പകരം സിൽവർ ലൈൻ പദ്ധതിക്കായി പ്രസ്തുത തുക നൽകണമെന്ന് കേന്ദ്ര സർക്കാരിന്റെ ഡിപ്പാർട്ട്മെന്റ് ഓഫ് എക്കണോമിക് അഫയേഴ്സിനെ അറിയിച്ചിട്ടുണ്ടോ; | (ബി) | അറിയിച്ചിട്ടില്ല. സിൽവർലൈൻ പദ്ധതി ഉൾപ്പെടെയാണ് നാൽപ്പത്തി മൂവായിരത്തോളം കോടി രൂപയുടെ പദ്ധതികൾ ഡിപ്പാർട്ടമെന്റ് ഓഫ് എക്കണോമിക്സ് അഫയേഴ്സിൽ പരിഗണനയിലുള്ളത്. സിൽവർലൈൻ പദ്ധതി 2018 നവംബറിൽ തന്നെ ജൈക്ക ഒ.ഡി.എ റോളിംഗ് പ്ലാനിൽ 33202 കോടി രൂപയുടെ വായ്പക്കായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് ഉൾപ്പെടെയാണ് 43000 കോടിയോളം രൂപയുടെ പദ്ധതികൾ. |
| (സി) | സർക്കാരിന്റെ പ്രസ്തുത നടപടി മൂലം നിലവിൽ നടന്നുകൊണ്ടിരിക്കുന്നതോ നടത്താൻ ഉദ്ദേശിക്കുന്നതോ ആയ നാല്പത്തിമൂവായിരത്തോളം കോടി രൂപയുടെ 20 റെയിൽവേ പദ്ധതികൾക്കായി | (സി) | അറിയിച്ചിട്ടില്ല. സിൽവർലൈൻ പദ്ധതി ഉൾപ്പെടെയാണ് നാൽപ്പത്തി മൂവായിരത്തോളം കോടി രൂപയുടെ പദ്ധതികൾ ഡിപ്പാർട്ടമെന്റ് ഓഫ് എക്കണോമിക്സ് അഫയേഴ്സിൽ പരിഗണനയിലുള്ളത്. |

| | | | |
|---|---|---|---|
| | ബാങ്ക്, എ.ഡി.ബി. ഏർപ്പാടാക്കിയ ലോൺ മറ്റ് സംസ്ഥാനങ്ങൾക്ക് നൽകാൻ തീരുമാനമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ? | | സിൽവർലൈൻ പദ്ധതി 2018 നവംബറിൽ തന്നെ ജൈക്ക ഒ.ഡി.എ റോളിംഗ് പ്ലാനിൽ 33202 കോടി രൂപയുടെ വായ്പക്കായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് ഉൾപ്പെടെയാണ് 43000 കോടിയോളം രൂപയുടെ പദ്ധതികൾ. |

സെക്ഷൻ ഓഫീസർ